പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3919** **11/11/2019 ൽ മറുപടിയ്ക്ക്**

## പാരാമെഡിക്കൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ

| | ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിലെ പാരാമെഡിക്കൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ, സ്പെഷ്യൽ റൂൾ എത്രയും വേഗം പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ; | (എ) | ആരോഗ്യവകുപ്പിൽ പാരാമെഡിക്കൽ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന വിഷയം പരിഗണനയിലാണ്. |
| (ബി) | സംസ്ഥാനത്തെ ഡെന്റൽ കോളേജുകളിൽ നിലവിൽ മരുന്ന് വിതരണത്തിനായി ഫാർമസിസ്റ്റുകളെ നിയമിച്ചിട്ടില്ലാത്തതിനാൽ ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) | കേരളത്തിലെ സർക്കാർ ഡന്റൽ കോളേജുകൾ എല്ലാം തന്നെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് ഒരേ ക്യാമ്പസിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ ഡന്റൽ കോളേജുകളിൽ വരുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകൾ അതാത് സ്ഥലത്തുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലുള്ള ഫാർമസി മുഖാന്തിരം മുടക്കമില്ലാതെ വിതരണം ചെയ്തുവരുന്നു. അതിനാൽ ഡന്റൽ കോളേജുകളിൽ പ്രത്യേക ഫാർമസികൾ തുടങ്ങുന്നതിന്റെ ആവശ്യം നിലവിലില്ല. |
| (സി) | മെഡിക്കൽ വിദ്യാഭാസ വകുപ്പിൽ നിലവിൽ സ്റ്റോർ വെരിഫിക്കേഷൻ ടീമില്ലാത്തതിനാൽ പ്രസ്തുത നിയമനത്തിന് വേണ്ട നടപടി സ്വീകരിക്കുമോ ; | (സി) | മെഡിക്കൽ വിദ്യാഭാസ വകുപ്പിൽ സ്റ്റോർ വെരിഫിക്കേഷൻ ടീം രൂപീകരിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (ഡി) | ആർദ്രം രണ്ടാം ഘട്ടം പദ്ധതിയിൽ ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | ആർദ്രം പദ്ധതി പ്രകാരം ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

Smidhya

സെക്ഷൻ ഓഫീസർ